"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - 26/06/2022 തീയതിയിലെ നടന്ന ലോക് ലോക് അദാലത്തിൽ തീർപ്പാക്കി സെറ്റിൽ ചെയ്ത മൂന്ന് എൽ.എ.ആർ കേസുകളിന്മേലുള്ള ആകെ തുകയായ 12,95,00000/-രൂപ - റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ വകുപ്പ്**

സ.ഉ.(സാധാ) നം.3183/2022/LSGD തീയതി,തിരുവനന്തപുരം, 23-12-2022

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 26.08.2022, 12.10.2022, 14.12.2022 തീയതികളിലെ എ3/1457/2017/ട്രിഡ നമ്പർ കത്തുകൾ
2. സ.ഉ.(സാധാ) നം.3015/2022/തസ്വഭവ തീയതി 05.12.2022
3. സ.ഉ.(സാധാ) നം.8661/2022/ധന തീയതി 22.12.2022

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ട്രിഡയ്ക്ക് വേണ്ടി പൊന്നും വിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട മൂന്ന് എൽ.എ.ആർ. കേസുകൾ(371/2005, 374/2007, 379/2009) 26/06/2022 തീയതിയിൽ ബഹു.തിരുവനന്തപുരം സബ് കോടതിയിൽ നടന്ന ലോക് അദാലത്തിൽ തീർപ്പാക്കി സെറ്റിൽ ചെയ്തിരുന്നു. പ്രസ്തുത കേസുകളുടെ സെറ്റിൽമെന്റ് പ്രകാരമുള്ള ആകെ തുകയായ 12,95,00000/-രൂപ ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എക്സ്റ്റൻഷൻ പെറ്റീഷനുകൾ ഫയൽ ചെയ്യപ്പെട്ടതായിട്ടുള്ള മൂന്ന് എൽ.എ.ആർ കേസുകളിന്മേൽ അർത്ഥനാധികാരിയായ ട്രിഡയുടെ സമ്മതത്തോടുകൂടി ഒത്തുതീർപ്പാക്കിയിട്ടുള്ള ആകെ തുകയായ 12,95,00000/-രൂപ (പന്ത്രണ്ട് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകുകയും പരാമർശം (3) പ്രകാരം '4217-60-800-93-PAYMENT OF COMPENSATION IN LAR CASES' എന്ന ശീർഷകത്തിൽ 12,95,00000/-രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിരുന്നു.

3) മേൽ പ്രകാരമുള്ള ഭരണാനുമതിയുടേയും അധികധനാനുമതിയുടേയും അടിസ്ഥാനത്തിൽ 26/06/2022 തീയതിയിൽ ബഹു.തിരുവനന്തപുരം സബ്കോടതിയിൽ നടന്ന അദാലത്തിൽ തുകകൾ കുറവ് ചെയ്ത് സെറ്റിൽ ചെയ്ത 371/2005, 374/2007, 379/2009 എന്നീ മൂന്ന് എൽ.എ.ആർ കേസുകളിന്മേലുള്ള ആകെ തുകയായ 12,95,00000/-രൂപ (പന്ത്രണ്ട് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മാത്രം) ചുവടെ ചേർക്കുന്ന കക്ഷികൾക്ക്, '4217-60-800-93-

PAYMENT OF COMPENSATION IN LAR CASES' എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച തുകയിൽ നിന്നും, റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| Sl.No | Claimant/Petitioner | LAR No. | Village | Sy No./Are | Amount Settled in Lok Adalath held on 26/06/2022 |
|---|---|---|---|---|---|
| 1 | Sri. S.Manoharan<br>TC 26/502(1),<br>Oottukuzhy<br>Vanchiyoor Village,<br>Thiruvananthapuram | 374/07 | Vanchiyoor | 2874/1&2 (Re.Sy No. 2874/9)/ 0.21 Ares | 22,00,000/- |
| 2 | Smt. Rafeeka<br>TC49/90(1),<br>Rafeeka Manzil, manacaud (PO)<br>Thiruvananthapuram | 371/05 | Manacaud | Sy.No 1233/1 (LA Sy No.1236/6) 7.5 Ares | 12,50,00,000/- |
| 3 | V. Kumar and Others<br>S/o Veerayya Reddiar,<br>& Lekshmi Ammal (Late)<br>Lekshmi Kala,<br>TC 23/816,<br>Power House Road,<br>Thycaud, TVM | 379/09 | Thycaud | Sy.No.2363/3 (LA Re Survey No.2363/7), 0.25 Ares | 23,00,000 |
| ആകെ 12,95,00000/-രൂപ (പന്ത്രണ്ട് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മാത്രം) | | | | | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
26/06/2022 തീയതിയിലെ അദാലത്തിൽ ഒത്തുതീർപ്പാക്കിയ മേൽ പരാമർശിച്ച LAR കേസുകളിലെ കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കടപ്പനക്കുന്ന്, തിരുവനന്തപുരം
നിയമവകുപ്പ് (സ്യൂട്ട് II1/205/2022-LAW, dated 09/11/2022)
ധനവകുപ്പ് (WCD-3/62/2022-ധന(2282442), dated 22/12/2022)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/152/2022-LSGD(part1) )

സ.ഉ.(സാധാ) നം.3183/2022/LSGD

ഉത്തരവിൻ പ്രകാരം
Signed by Vijitha M B
Date: 23-12-2022 16:28:45

സെക്ഷൻ ഓഫീസർ